തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലെ സ്റ്റാഫ് പാറ്റേണും അധിക തസ്തികകളും

97 (3529) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളും ഇവ എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തിയതിനെ തുടർന്ന് ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഏതൊക്കെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ഇപ്പോൾ പരിഗണനയിൽ ഉള്ളത് ;

(ഡി) അധിക തസ്തികകൾ അനുവദിക്കുന്നതിന് ആനുകൂല്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല

(ഡി) നിർദ്ദേശം ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

98 (3530) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ബി.എ.ആർ.ഡി. മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആശുപത്രികളിൽനിന്നും പ്രതിദിനം പുറംതള്ളുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഐ.എം.എ.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 'IMAGE' എന്ന സംവിധാനം മുഖേനയാണ്. ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഒരു കിടക്കയ്ക്ക് ഒരു ദിവസം 3.50 (മൂന്ന് രൂപ അൻപത് പൈസ) എന്ന നിരക്കിൽ ചെലവ് വരുന്നു. ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൻ, കത്തിറ്റുകൾ, മനുഷ്യകോശാവശിഷ്ടങ്ങൾ, തുടങ്ങിയവ വേർതിരിച്ചശേഷം ഇവ ശേഖരിച്ച് 'IMAGE' സംവിധാനംവഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിനുവേണ്ടി ഇൻസിനറേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.

പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയ ജനറൽ വേസ്റ്റുകൾ ആശുപത്രിയിൽ വച്ചുതന്നെ സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും മാലിന്യങ്ങൾ സംസ്കരിക്കുന്നു.

(ബി&സി) ഇതുസംബന്ധിച്ച ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ചാലക്കുടിയിൽ ആയുർവ്വേദ ചികിത്സാകേന്ദ്രം

99 (3531) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്മഭൂഷൺ വൈദ്യരത്നം രാഘവൻ തിരുമുൽപാടിന്റെ സ്മരണ നിലനിർത്തുന്നതിനായി ചാലക്കുടിയിൽ ഒരു ആയുർവേദ ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേലുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി പത്മഭൂഷൺ വൈദ്യരത്നം രാഘവൻ തിരുമുൽപാട് മെമ്മോറിയൽ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി എന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly